ഹരിജൻ വിദ്യാർത്ഥിനികൾക്ക് സ്കൈറെപ്പൻറ് കിട്ടുന്നില്ലെന്ന പരാതി

345. [529] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ (നോൺ എഞ്ചിനീയറിംഗ്) വൊക്കേഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന 67 സ്ഥാപനങ്ങളിലെ 3000-ൽ പരം ഹരിജൻ വിദ്യാർത്ഥിനികൾക്ക് 1985 ജൂൺ മാസം മുതലുള്ള സ്കൈറെപ്പൻറ് കഴിഞ്ഞ 10 മാസമായിട്ടും ലഭിച്ചിട്ടില്ലെന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) 1984-ൽ നടന്ന കെ. ജി. ടി. [കാഫ്റ്റ് ഗ്രൂപ്പ് പരീക്ഷയിൽ നിശ്ചിത ശതമാനം വിദ്യാർത്ഥിനികൾ പാസ്സായില്ല എന്ന കാരണത്താൽ 1985 ജൂണിൽ ജില്ലാ വെൽഫെയർ ഓഫീസർ അടങ്ങുന്ന കമ്മിറ്റി തിരഞ്ഞെടുത്ത വിദ്യാർത്ഥിനികൾക്കും സ്ഥാപനങ്ങൾക്കും ആനുകൂല്യങ്ങൾ നിഷേധിച്ചിട്ടുണ്ടോ ;

(സി) 17-1-1986-ൽ ഹരിജനക്ഷേമ ഡയറക്ടർക്ക് തുടർച്ചാനുമതി നൽകിയിട്ടും ഇടുക്കി ജില്ലയിലെ (നോൺ എഞ്ചിനീയറിംഗ്) വൊക്കേഷണൽ സ്ഥാപനങ്ങളിലെ ഹരിജൻ വിദ്യാർത്ഥിനികൾക്ക് ഇന്നുവരെ സ്കൈറെപ്പൻറ് വിതരണം ചെയ്തിട്ടില്ല എന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഇങ്ങനെ മനപൂർവ്വം വച്ചു താമസിപ്പിക്കുന്ന ജില്ലാ വെൽഫയർ ഓഫീസർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 55 സ്ഥാപനങ്ങൾക്ക് നിഷേധിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പരാതി ലഭിച്ചാൽ പരിശോധിച്ച് തക്കതായ നടപടി എടുക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻവഴി ഹരിജനങ്ങൾക്ക് നൽകിയ സഹായം

346. [530] ശ്രീ. കെ. പി. [പഭാകരൻ :
,, എം. കെ. കേശവൻ :
,, കെ. ടി. കുമാരൻ :
,, വി. കെ. രാജൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി 1985 മുതൽ 1986 മാർച്ച് മാസം വരെ ഹരിജനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയത് ;

(ബി) അവയുടെ ജില്ലതിരിച്ചുകണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1985 ഏപ്രിൽ മാസം മുതൽ 1986 ഫെബ്രുവരി മാസംവരെ താഴെ പറയുന്ന സഹായങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly